LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴയിലെ കനാലുകളുടെ ശോച്യാവസ്ഥ

111(403) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സാദ്ധ്യതകളേറെയുള്ള ആലപ്പുഴയിലെ കനാലുകളുടെ ശോച്യാവസ്ഥ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാലുകളുടെ നവീകരണത്തിന് ടൂറിസം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ടി പദ്ധതിക്കായി ഇതുവരെ എത്ര തുക ഏതെല്ലാം പദ്ധതിയിൽപ്പെടുത്തി ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ആലപ്പുഴ കനാൽ സൗന്ദര്യവൽക്കരണ പദ്ധതിയുടെ ഭാഗമായി കനാലുകൾ ആഴം കൂട്ടി വൃത്തിയാക്കുന്ന പ്രവൃത്തി ഇറിഗേഷൻ വകുപ്പിനെ ക്കൊണ്ട് നടത്തിയിരുന്നു. കനാലുകളുടെ അരികിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തിന് വേണ്ടി ലാന്റ് സ്കേപ്പിംഗും സൗന്ദര്യവൽക്കരണ പ്രവൃത്തികളും നടത്തിയിരു ന്നു. കൂടാതെ ആലപ്പുഴയിലെ കനാലുകളുടെ സൗന്ദര്യ സംരക്ഷണത്തിനും നവീകരണത്തിനുമായി സർക്കാർ ആലപ്പുഴ കനാൽ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പെർഫെക്ട് അഗ്രികൾച്ചറൽ മാനേജ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ സേവനം ഉപയോഗിച്ചാണ്, കനാൽ മാനേജ്മെന്റ് സൊസൈറ്റി കനാലുകളുടെ മാനേജ്മെന്റ് നടത്തുന്നത്.

(സി) ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 9,65,400 രൂപയും (ഒൻപത് ലക്ഷത്തി അറുപത്തി അയ്യായിരത്തി നാനൂറ് രൂപ മാത്രം) ഇന്ത്യാ ഗവണ്മെന്റ് ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് പശ്ചാത്തലമൊരുക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 4,24,64,486 രൂപയും (നാലുകോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തിനാലായിരത്തി നാനൂറ്റി എൺപത്തിയാറ് രൂപ മാത്രം) കനാൽ മാനേജ്മെന്റ് സൊസൈറ്റി വഴി 9 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 3,40,61,454 (മൂന്ന് കോടി നാൽപ്പത് ലക്ഷത്തി അറുപത്തി ഒന്നായിരത്തി നാനൂറ്റി അൻപത്തിനാല് രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതി

112(404) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതിക്കായി കേന്ദ്രം 60 കോടി രൂപ സംസ്ഥാന ടൂറിസം വകുപ്പിന് വാഗ്ദാനം ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഹരിപ്പാട് നിയോജക മണ്ഡലത്തിലെ സ്മാരകങ്ങളായ പല്ലന മഹാകവി കുമാരനാശാൻ സ്മാരകം ഹരിപ്പാട് കേരള കാളിദാസൻ കേരള വർമ്മ വലിയകോയിത്തമ്പുരാൻ അന്ത്യവിശ്രമം കൊള്ളുന്ന അനന്തപുരം കൊട്ടാരം, ചേപ്പാട് മാർ ദിവാനാസ്യോസ് തിരുമേനിയുടെ കബറടങ്ങുന്ന സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി, പതിയാങ്കര ഉസ്താദിന്റെ കബറടങ്ങുന്ന പതിയാംങ്കര പള്ളി, പാനൂർ മുസ്ലിം ദേവാലയം തുടങ്ങിയ സ്മാരകങ്ങൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതിയിൽ വള്ളംകളികൾ ചുണ്ടൻ വള്ളങ്ങൾ, വള്ളപ്പുരകൾ, വള്ളംകളി നടക്കുന്ന ജലാശയങ്ങൾ എന്നിവയെ ഉൾപ്പെടുത്തണമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതിയിൽ വലിയഴീക്കൽ ബീച്ച് തൃക്കുന്നപ്പുഴ ദേശീയ ജലപാതയിൽ ഹൗസ് ബോട്ട് ടെർമിനൽ കായലോര റോഡ് എന്നിവ ഉൾപ്പെടുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതിയിൽ ചെറുതന പാണ്ടി പക്ഷി സങ്കേതം ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത ആവശ്യങ്ങളിന്മേൽ എല്ലാം എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത ആവശ്യത്തിന്മേൽ എന്നത്തേയ്ക്ക് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി-ഇ) ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും ഏതെല്ലാം പ്രദേശങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത്. മാസ്റ്റർ പ്ലാൻ ഫൈനലൈസ് ചെയ്യുന്നതിന് മുൻപ് ബന്ധപ്പെട്ട ജനപ്രതിനിധികളുമായും സ്വകാര്യ സംരംഭകരുമായും ചർച്ചചെയ്ത് അവിടെ ഉരുത്തിരിയുന്ന ആശയങ്ങളുടെ കൂടി അടിസ്ഥാനത്തിലാകും അന്തിമ തീരുമാനം എടുക്കുക.

(എഫ്) മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ പ്രസ്തുത ആവശ്യങ്ങൾ പരിഗണിക്കാവുന്നതാണ്.

(ജി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസിക്ക് ഈ നിർദ്ദേശം ആവശ്യമായ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly